**കേരള സർക്കാർ**
**പതിമൂന്നാം കേരള നിയമസഭ**
**1-ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 2754

19.07.2011 ൽ ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി മറുപടി നൽകേണ്ടത്

| മഹിളാ പ്രധാൻ ഏജൻറുമാരുടെ കമ്മീഷൻ വെട്ടിക്കുറയ്ക്കുന്നതിനെതിരെ സ്വീകരിച്ച നടപടി | | |
|---|---|---|
| | **ചോദ്യം**<br>ശ്രീ.ബാബു എം.പാലിശ്ശേരി | **ഉത്തരം**<br>ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി |
| (എ) | മഹിളാ പ്രധാൻ ഏജൻറുമാരുടെ കമ്മീഷൻ ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; 2010 - 2011 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് എത്ര കോടി രൂപയാണ് പിരിച്ചെടുത്തതെന്ന് വ്യക്തമാക്കുമോ; | മഹിളാ പ്രധാൻ ഏജൻറുമാർക്ക് റെക്കറിംഗ് ഡെപ്പോസിറ്റ് ക്യാൻവാസ് ചെയ്യുന്നതിന് 4% കമ്മീഷൻ പോസ്റ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നു.<br>ഇതു കൂടാതെ സംസ്ഥാന സർക്കാർ 3.9% പ്രതിമാസ അലവൻസും അലവൻസിന് അർഹമാകുന്ന തുകയുടെ 1.25% വാർഷിക ബോണസ്സായും നൽകുന്നു.<br>2010 - 11 സാമ്പത്തിക വർഷത്തിൽ 7481.49 കോടി രൂപ മൊത്ത നിക്ഷേപമായി സമാഹരിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്കുളള കമ്മീഷൻ വെട്ടിക്കുറയ്ക്കാൻ കേന്ദ്ര ഗവൺമെൻറ് ശ്രമിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഉണ്ട് |
| (സി) | എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. | ഇക്കാര്യം കേന്ദ്ര ഗവൺമെൻറിൻെറ പരിഗണനയിലാണ്. അന്തിമ തീരുമാനം ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. |



സെക്ഷൻ ഓഫീസർ